സംബന്ധിച്ച് എഴുതിയിട്ടുണ്ടെന്ന് പത്രങ്ങളിൽ കണ്ടു. വർദ്ധിച്ചുവരുന്ന അക്രമങ്ങൾക്കെതിരെ നടപടി എടുക്കുന്നതിനുപരിയായി ഈ അക്രമങ്ങൾ തടയാനായിട്ടുള്ള നടപടി എടുക്കണമെന്ന് അദ്ദേഹം ആവർത്തിച്ച് ആവശ്യപ്പെട്ടിരിക്കുകയാണ്. ആ നിർദ്ദേശങ്ങളുടെ ആവശ്യമുണ്ടോ ? ഒരു ഗവൺമെൻറ് സ്വയം ചെയ്യേണ്ട കാര്യങ്ങളല്ലേയിത്. ഇന്ന് നമ്മുടെ സംസ്ഥാനത്തെ പോലീസ് വളരെ ദുർബലമായിരിക്കുന്നു, സ്വയം പ്രവർത്തിക്കാനുള്ള ശക്തിയില്ലാതായിരിക്കുന്നു. കോൺഗ്രസിന്റെ ഗ്രൂപ്പ് ഏതാണെന്ന് നോക്കി പ്രവർത്തിക്കേണ്ട ഒരു സാഹചര്യം പോലീസിൽ ഉണ്ടായിട്ടുണ്ട്. അതിന്റെ ഫലമായിട്ട് പോലീസ് നിർജീവമായിരിക്കുന്നു. അതുകൊണ്ടാണ് കുറുവാളികൾക്കെതിരെ പോലും പോലീസ് നടപടി എടുക്കാത്തത്. ഇതില്ലാതാക്കാനുള്ള നടപടി പോലീസിന്റെ കൈയിലില്ല. ഏറ്റവും പ്രധാനമായിട്ടുള്ളത് ഇത് നടക്കാതിരിക്കുകയെന്നുള്ളതാണ്. ഇന്ന് നമ്മുടെ സംസ്ഥാനത്തെ സ്ത്രീകൾക്കും കുട്ടികൾക്കും ദുർബല വിഭാഗങ്ങൾക്കും നടക്കാൻ സാധിക്കുന്നില്ലയെന്നുള്ള സ്ഥിതിയുണ്ടായിരിക്കുന്നു. വെളുപ്പിന് 4-5 മണിക്ക് നമ്മുടെ സ്ത്രീകൾ ക്ഷേത്രങ്ങളിലും മറ്റ് ആരാധനാലയങ്ങളിലും ഒറ്റയ്ക്ക് നടന്നുപോകുന്ന കാഴ്ച കാണാൻ സാധിച്ചിരുന്നുവെങ്കിൽ ? ഇന്ന് ആ കാഴ്ച കാണാനായിട്ട് സാധിക്കുന്നില്ല. പോലീസിലുള്ള വിശ്വാസം ദുർബല വിഭാഗങ്ങൾക്കില്ലാതായിരിക്കുന്നുവെന്നതാണ് ഇതിൽനിന്നും മനസിലാകുന്നത്. അതുകൊണ്ട് ഈ കാര്യത്തെക്കുറിച്ച് ചർച്ച ചെയ്യേണ്ടതാണ്. ആ ചർച്ച ചെയ്യുകയില്ല എന്നുള്ള മുഖ്യമന്ത്രിയുടെ നിലപാടിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ശ്രീ. കെ. ചന്ദ്രശേഖരനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട മറ്റംഗങ്ങളും സഭവിട്ട് പുറത്തുപോയി)

ശ്രീ. പി. ടി. തോമസ് : ആ പെൺകുട്ടിയുടെ പേര് ഔദ്യോഗിക രേഖയിലുണ്ടാകാൻ പാടില്ല.

IV ശ്രദ്ധക്ഷണിക്കൽ

(1) സംസ്ഥാനത്തെ വിവിധ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും നിലവിലുള്ള ഒഴിവുകൾ നികത്തേണ്ടതിനേറെയും പി. എസ്. സി. യുടെ പ്രവർത്തനം കാര്യക്ഷമമാക്കേണ്ടതിനേറെയും ആവശ്യകത

ശ്രീ. തമ്പാനൂർ രവി : സർ, കേരളത്തിലെ തൊഴിൽ ഇല്ലാത്ത ചെറുപ്പക്കാരെ ബാധിക്കുന്ന അടിയന്തിര പ്രാധാന്യമുള്ള ഒരു വിഷയം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും സഭയുടെയും ശ്രദ്ധയിൽപ്പെടുത്താനാണ് ഞാൻ ആഗ്രഹിക്കുന്നത്. സഭയിൽ ഈ വിഷയം പലതവണ ചർച്ച ചെയ്തിട്ടുള്ളതും പലപ്പോഴും വികാരങ്ങൾ ഇവിടെ പ്രകടിപ്പിച്ചിട്ടുള്ളതുമാണ്. ഈ വിഷയം പലതവണ അവതരിപ്പിച്ചിട്ടും തൃപ്തികരമായ ഒരു മറുപടി പലപ്പോഴും ഗവൺമെൻറിന്റെ ഭാഗത്തുനിന്നുമുണ്ടായില്ല എന്നത് യാഥാർത്ഥ്യമാണ്. ഈ വികാരങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ഈ പ്രശ്നത്തിന് പരിഹാരം കാണുവാൻ നടപടി സ്വീകരിച്ചുവെന്ന

LIBRARY ARCHIVES Kerala Legislative Assembly

യാഥാർത്ഥ്യം ഞാൻ വിസ്മരിക്കുന്നില്ല. സർക്കാർ ഓഫീസുകളിലേയും പൊതുമേഖലാസ്ഥാപനങ്ങളിലേയും ജോലി ഒഴിവുകൾ യഥാസമയം പി. എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യപ്പെടുന്ന വേക്കൻസികളിലേക്കുള്ള നിയമനത്തിലെ കാലതാമസം ഒഴിവാക്കുന്നതിനും അടിയന്തിര നടപടികൾ സ്വീകരിക്കണമെന്നതാണ് എന്റെ വിഷയം. എംപ്ലോയ്മെൻറിൽ പേര് രജിസ്റ്റർ ചെയ്ത തൊഴിലില്ലാത്തവരുടെ എണ്ണം അവസാനം ലഭ്യമായ കണക്കനുസരിച്ച് 32 ലക്ഷമാണ്. വർഷങ്ങളായി തൊഴിലിനുവേണ്ടി കാത്തിരിക്കുന്ന ചെറുപ്പക്കാരിൽ അനന്തമായ കാത്തിരിപ്പുമൂലമുണ്ടാകുന്ന നൈരാശ്യത്തിന് യുവതലമുറ അടിമപ്പെടാതെ നോക്കേണ്ട ബാദ്ധ്യത ഈ സംസ്ഥാനം ഭരിക്കുന്ന ഗവൺമെൻറിനുണ്ട്. ഇപ്പോൾ രൂക്ഷമായ തൊഴിലില്ലായ്മയുള്ള കേരളത്തിൽ പി.എസ്.സി. മുഖേന നടത്തുന്ന നിയമനം ഏതാണ്ട് 10,000–ത്തിനും 12,000–ത്തിനുമിടയ്ക്കു മാത്രമാണ്. ഇതിനിടയ്ക്കുള്ള ആളുകൾക്കാണ് ജോലി ലഭിക്കുന്നതെന്നുപറഞ്ഞാൽ ഏതാണ്ട് 3.5% നിയമനങ്ങൾ മാത്രമാണ് കേരളത്തിൽ നടക്കുന്നത്. ഈ നിയമനങ്ങൾപോലും അനന്തമായി നീണ്ടുപോകുകയാണ്. അത് ആശാസ്യമല്ല. നിയമനത്തിന്റെ കാലതാമസം കാരണം ആവശ്യത്തിന് ജീവനക്കാരെ ലഭിക്കാത്തതിനാൽ വകുപ്പുകളെ പ്രതികൂലമായി ബാധിക്കുകയും സംസ്ഥാനത്തിന് മൊത്തത്തിൽ നഷ്ടം ഉണ്ടാകുകയും ചെയ്യുന്നു. ചില ഒഴിവുകൾ ഞാൻ ചൂണ്ടിക്കാണിക്കാം. ഭരണസിരാകേന്ദ്രമായ സെക്രട്ടേറിയറ്റിൽ ധനകാര്യവകുപ്പിലും പൊതുഭരണ വകുപ്പിലും നിയമസഭാ സെക്രട്ടേറിയേറ്റിലും ഉൾപ്പടെ അസിസ്റ്റൻറുമാരുടെ 200 ഒഴിവുകൾ, ടൈപ്പിസ്റ്റുമാരുടെ 100-ലധികം ഒഴിവുകൾ, ലാസ്റ്റ് ഗ്രേഡുകാർ 150-ലധികം ഒഴിവുകളുണ്ട്. പി. എസ്. സി. യിലും ലോക്കൽ ഫണ്ടിലും 150-ൽപ്പരം ഒഴിവുകളുണ്ട്, ആരോഗ്യ വകുപ്പിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടേഴ്സ് 1000 ഒഴിവുകളുണ്ട്. സ്റ്റാഫ് നേഴ്സ് ലബോറട്ടറി ടെക്നീഷ്യൻസ്, മിനിസ്റ്റീരിയൽ സ്റ്റാഫുകൾ ഉൾപ്പെടെ 1000-ത്തിലധികം ഒഴിവുകൾ വേറെയുമുണ്ട്. റവന്യൂ ഡിപ്പാർട്ടുമെൻറിൽ എൽ. ഡി. ക്ലാർക്കിന്റെ 2000 ഒഴിവുകളുണ്ട്, സർവേയർമാരുടെ 1500 ഒഴിവുകളുണ്ട്. വിവിധ സർക്കാർ വകുപ്പുകളിൽ ഡ്രൈവർമാരുടെ നിയമനം കുറെ വർഷങ്ങളായി നടത്താറില്ല. എല്ലാപേരെയും ഡെയിലി വേജസിൽ നിയമിച്ചിരിക്കുകയാണ്. ഇതുതന്നെ ഏതാണ്ട് ആയിരത്തിലധികം ഡ്രൈവർമാരുടെ വേക്കൻസികൾ വിവിധ വകുപ്പുകളിൽ ഉണ്ടെന്നാണ് ഞാൻ മനസിലാക്കുന്നത്. ഇതാണ് ഗവൺമെൻറ് വകുപ്പിലെ സ്ഥിതി, ഇനി പൊതുമേഖലാ സ്ഥാപനമെടുക്കാം. കെ. എസ്. ആർ. ടി. സി. യിൽ കണ്ടക്ടർമാരുടെ 2,667 ഒഴിവുകളും, ഡ്രൈവർമാരുടെ 3,084 ഒഴിവുകളും ക്ലാർക്കുമാരുടെ 254 ഒഴിവുകളും ടൈപ്പിസ്റ്റ്, പ്യൂൺ തുടങ്ങിയവരുടെ 250 ഒഴിവുകളും മെക്കാനിക്കൽ സ്റ്റാഫിന്റെ 1,789 ഒഴിവുകളും ഉൾപ്പെടെ അങ്ങനെ കെ.എസ്.ആർ.ടി.സി. എന്ന വലിയ പൊതുമേഖലാസ്ഥാപനത്തിൽ മാത്രം ആകെ 8,044 ഒഴിവുകളുണ്ട്. വാട്ടർ അതോറിറ്റിയിൽ ഓവർസിയർ, ഓപ്പറേറ്റർ, ഫിറ്റർ, പ്ലംബർ, ഡ്രൈവർ, ടൈപ്പിസ്റ്റ്, ലാസ്റ്റ് ഗ്രേഡ് തുടങ്ങിയ തസ്തികകളിലായി ഏതാണ്ട് മൂവായിരത്തിലധികം ഒഴിവുകളാണുള്ളത്. ഇലക്ട്രിസിറ്റി ബോർഡിൽ ഇലക്ട്രിസിറ്റി വർക്കറുടെ 2800 ഒഴിവുകളുണ്ട്. ക്യാഷ്യർമാരുടെ 600 ഒഴിവുകളുണ്ട്. സബ് എഞ്ചിനിയർ, അസി: എഞ്ചിനീയർ ഉൾപ്പെടെ ഏതാണ്ട് 5000-ത്തിലധികം ഒഴിവുണ്ട്. പബ്ലിക് സർവീസ് കമ്മീഷന്റെ കേന്ദ്ര ഓഫീസുകളിലും, ജില്ലാ ഓഫീസുകളിലുമായി ഏതാണ്ട് 1200-ഓളം ലിസ്റ്റുകൾ അപേക്ഷ ക്ഷണിച്ചതു മുതൽ

LIBRARY ARCHIVES Kerala Legislative Assembly

ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന ഘട്ടം വരെയായിരിക്കുകയാണ്. കേരള പബ്ലിക് സർവീസ് കമ്മീഷൻ കഴിഞ്ഞ മൂന്നുവർഷമായി 300 ലിസ്റ്റുകൾ മാത്രമാണ് പ്രതിവർഷം പ്രസിദ്ധീകരിക്കുന്നത്. 1200 ലിസ്റ്റ് പെൻഡിംഗ് എന്നുപറഞ്ഞാൽ 4 വർഷത്തെ കുടിശ്ശിക ഉണ്ടെന്ന് അർത്ഥം. പി.എസ്.സി. യിൽ ഒരുവർഷം ലഭിക്കുന്ന അപേക്ഷകൾ 8 ലക്ഷം മുതൽ 10 ലക്ഷം വരെയാണ്. 1-1-1996-വരെ എനിക്ക് ലഭ്യമായ കണക്കനുസരിച്ച് കേരള പി.എസ്.സി. യിൽ 46 ലക്ഷം അപേക്ഷകൾ പെൻഡിംഗിലാണ്. 1992-93-ൽ കിട്ടിയ അപേക്ഷകൾ 17 ലക്ഷമാണ്. 1994-95-ൽ 10 ലക്ഷം, 1995-96-ൽ 9 ലക്ഷം. ഒരു വർഷം 20,000 പേർക്ക് ഇൻറർവ്യൂ നടക്കുന്നുണ്ട്. രണ്ട് മെമ്പർമാർ അടങ്ങുന്ന ഏഴു ടീമായി ഇൻറർവ്യൂ നടത്തുന്നു. അത് ചൂണ്ടിക്കാണിക്കുന്നത് ഒരു വർഷം 840 ഇൻറർവ്യൂ മാത്രമാണ് ഇവിടെ നടക്കുന്നത്. യൂണിയൻ പബ്ലിക് സർവീസ് കമ്മീഷൻ നമ്മളെക്കാൾ കുറച്ച് നിയമനം നടത്തുന്നവരാണ്. ഇതിനേക്കാൾ മെച്ചപ്പെട്ട സ്റ്റാഫുണ്ട്. യു.പി.എസ്.സി.യിൽ ഒരു ചെയർമാനും 9 മെമ്പർമാരുമുണ്ട്. അവിടത്തെ കണക്കനുസരിച്ച് അവിടത്തെ സ്റ്റാഫ് 2077 ആണ്. 296 ഗസറ്റഡ് സ്റ്റാഫും 1,781 നോൺ ഗസറ്റഡ് സ്റ്റാഫുമുണ്ട്. അതേസമയം കേരള പബ്ലിക് സർവീസ് കമ്മീഷനിൽ ഒരു ചെയർമാനും 14 മെമ്പർമാരുമുണ്ടെങ്കിലും സ്റ്റാഫ് 1197-ആണ്. ഗസറ്റഡ് 207-ആണ് നോൺ ഗസറ്റഡ് 990 ആണ്. റിക്രൂട്ട്മെൻറിൻറെ കാര്യത്തിൽ യു.പി.എസ്.സി.യിൽ 1993-94-ൽ 6,07,094 അപേക്ഷകളാണ് ലഭിച്ചത്. 1993-94-ൽ 13 പരീക്ഷകളാണ് നടത്തിയത്. 3,66,06 പേരാണ് പരീക്ഷയിൽ പങ്കെടുത്തത്. 1993-94-ൽ 5,590 പേരെ ഇൻറർവ്യൂ നടത്തി ഇൻറർവ്യൂവിലൂടെയുള്ള നിയമനത്തിനാണ് ലഭിച്ച അപേക്ഷകൾ 75,126 എണ്ണമാണ്. ഇൻറർവ്യൂ നടത്തിയത് 5,643 ആണ്. എന്നാൽ കേരള പബ്ലിക് സർവീസ് കമ്മീഷനിൽ 1993-94-ൽ ലഭിച്ച അപേക്ഷകൾ 15,09,152 ആണ്. 1994-95-ൽ 10 ലക്ഷം അപേക്ഷകളാണ് ലഭിച്ചത്. 1993-94-ൽ എഴുത്തുപരീക്ഷക്കിരുന്നവർ 9,85,392-ആണ്. 1994-95-ൽ 10,56,496-ആണ്. 1993-94-ൽ ഇൻറർവ്യൂവിന് ക്ഷണിക്കപ്പെട്ടവർ 17,786-ആണ്. 1994-95-ൽ 18,421, 1993-94-ൽ പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റുകൾ 260, 1994-95-ൽ 306, 1993-94-ൽ അഡ്വൈസ് അയച്ചത് 13,262 ആണെങ്കിൽ 1994-95-ൽ 10774 ആണ്. കേരള പബ്ലിക് സർവീസ് കമ്മീഷനിലെ പരിമിതികളാണ് ഈ കാലതാമസത്തിന് കാരണമെന്നാണ് അവർ പറയുന്നത്. അപേക്ഷകൾ നമ്പർ ഇടുന്നതിനുപോലും കാലതാമസം ഉണ്ടാകുകയാണ്. 1975 മാർച്ചിൽ ലഭിച്ച അപേക്ഷകളിലാണ് ഇപ്പോൾ നമ്പർ ഇടുന്നത്. സഹകരണ സ്ഥാപനങ്ങളിലെ നിയമനംകൂടെ പി.എസ്.സി.-ക്ക് വിട്ടതോടെ ജോലിഭാരം വർദ്ധിച്ചിരിക്കുകയാണ്. ഈ കാര്യത്തിൽ അടിയന്തിര നടപടി സ്വീകരിക്കണം. വകുപ്പദ്ധ്യക്ഷൻമാരുടേയും പൊതുമേഖലാ സ്ഥാപനങ്ങളിലെ തലവൻമാരുടെയും അടിയന്തിരയോഗം വിളിച്ചുകൂട്ടി, നിലവിലുള്ള ഒഴിവുകൾ മുഴുവൻ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുവാനും ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്നവരുടെ പേരിൽ കർശനമായ നടപടികൾ സ്വീകരിക്കുവാനും ഗവൺമെൻറ് നിർദ്ദേശം നൽകണം. പി.എസ്.സി. അപേക്ഷ ക്ഷണിച്ചു കഴിഞ്ഞാൽ എഴുത്തുപരീക്ഷ ആവശ്യമായ തസ്തികകളിൽ ഒരു വർഷത്തിനകവും ഇൻറർവ്യൂ മാത്രം ആവശ്യമായ തസ്തികകളിൽ ആറുമാസത്തിനുള്ളിലും നിയമനം നടത്തുകയും വേണം. ആവശ്യത്തിനുള്ള സ്റ്റാഫ് അനുവദിക്കുകയും കമ്പ്യൂട്ടറൈസേഷൻ ഉൾപ്പെടെയുള്ള ആധുനിക സൗകര്യങ്ങൾ പി.എസ്.സി.യിൽ ഏർപ്പെടുത്തുകയും ചെയ്യണം. അതിനെ

LIBRARY ARCHIVES Kerala Legislative Assembly

സംബന്ധിച്ച് പുതിയ പി.എസ്.സി. ചെയർമാനുമായും വകുപ്പദ്ധ്യക്ഷൻ മറ്റുമായും ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചർച്ച നടത്തി രൂക്ഷമായി തൊഴിലില്ലായ്മ അനുഭവിക്കുന്ന കേരളത്തിലെ തൊഴിലില്ലാത്ത ചെറുപ്പക്കാരുടെ പ്രശ്നങ്ങൾക്ക് ശാശ്വതമായ പരിഹാരം കാണുവാൻ അടിയന്തിര നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അങ്ങയോട് അഭ്യർത്ഥിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. എ കെ. ആന്റണി) : സർ, വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നമാണ് ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഉന്നയിച്ചിട്ടുള്ളത്. കേരളത്തിലെ ലക്ഷോപലക്ഷം വരുന്ന തൊഴിൽ രഹിതരായ ചെറുപ്പക്കാരുടെ ജീവൻ പ്രധാനമായ ഒരു പ്രശ്നമായതുകൊണ്ട് ഞാൻ ഈ വിഷയത്തിന്റെ ചില വിശദാംശങ്ങളെ സഭയെ അറിയിക്കുവാൻ ആഗ്രഹിക്കുകയാണ്. സർക്കാർ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലും ഉള്ള ഒഴിവുകളിൽ കഴിയുന്നതും വേഗം നിയമനം നടത്തുന്നതിനും പി.എസ്.സി. വഴിയുള്ള നിയമനത്തിൽ നേരിടുന്ന കാലതാമസം ഒഴിവാക്കുന്നതിനും ഗവൺമെന്റ് താഴെപ്പറയുന്ന നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഓരോ വകുപ്പും ഓരോ വർഷവും അതാതു വകുപ്പിലുണ്ടാകുന്ന ഒഴിവുകളും മുൻകൂട്ടി കണക്കാക്കി ജൂൺ 1-ാം തീയതിയോടുകൂടി പി.എസ്.സി.യെ അറിയിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ലിസ്റ്റ് നിലവിലില്ലാത്ത ഒഴിവുകളിലേക്ക് തെരഞ്ഞെടുപ്പ് പ്രകീയ ആരംഭിക്കുന്നതിന് പി.എസ്.സി.-ക്ക് കഴിയുന്നതിനുവേണ്ടിയാണ് ഇപ്രകാരം നിർദ്ദേശം നൽകിയിട്ടുള്ളത്. ഓരോ വകുപ്പിലേക്കും യഥാർത്ഥത്തിലുണ്ടാകുന്ന ഒഴിവുകളും അപ്പപ്പോഴും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യണമെന്ന കർശന നിർദ്ദേശം നിലവിലുണ്ട്. ഇതനുസരിച്ച് മൂന്ന് മാസത്തിൽ കൂടുതൽ കാലം നിലനില്ക്കാൻ സാദ്ധ്യതയുള്ള എല്ലാ ഒഴിവുകളും പി. എസ്. സി.-ക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്. റാങ്ക് ലിസ്റ്റ് നിലവിലുള്ളപ്പോഴും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി താൽക്കാലിക നിയമനം നടത്താൻ പാടുള്ളതല്ല. അദ്ധ്യാപന രംഗത്തും മെഡിക്കൽ പാരാ മെഡിക്കൽ രംഗങ്ങളിലും ഒഴികെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമിക്കുന്നവരെ യാതൊരു കാരണവശാലും 180 ദിവസത്തിൽ കൂടുതൽ സർവീസിൽ തുടരാൻ അനുവദിക്കാൻ പാടില്ല. മെഡിക്കൽ പാരാ മെഡിക്കൽ രംഗങ്ങളിലും അദ്ധ്യാപന രംഗത്തും എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമിക്കുന്നവരെ ഒരു വർഷത്തിലേറെക്കാലം താല്ക്കാലിക സേവനത്തിൽ തുടരാൻ അനുവദിക്കാൻ പാടില്ല.

പി.എസ്.സി. വഴിയുള്ള നിയമനങ്ങളിൽ നേരിടുന്ന കാലതാമസം ഒഴിവാക്കുന്നതിനും പി.എസ്.സി.യുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും വേണ്ടി താഴെപറയുന്ന നടപടികളും സ്വീകരിച്ചിട്ടുണ്ട്. ജോലി
11 AM. ഭാരം കുറയ്ക്കുന്നതിനായി പി.എസ്.സി.-ക്ക് പുതിയതായി 100 തസ്തികകൾ അനുവദിച്ചുകൊടുത്തിട്ടുണ്ട്. കോഴിക്കോട്, എറണാകുളം എന്നീ ജില്ലകളിൽ ഓരോ റീജിയണൽ ഓഫീസുകളും സ്ഥാപിച്ചിട്ടുണ്ട്. ആൻസർ പേപ്പർ വാല്യൂ ചെയ്യുന്നതിനായി പരിമിതമായ തോതിൽ കമ്പ്യൂട്ടറൈസേഷൻ ഏർപ്പെടുത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളിൽ സമാന തസ്തികകളുടെ യോഗ്യതകളും ഏകീകരിച്ച് ഒരു പൊതു പരീക്ഷയിലൂടെ ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നതിനുള്ള കാര്യങ്ങൾ വിശദമായി പഠിച്ച് ശുപാർശകൾ സമർപ്പിക്കുവാൻ ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പരീക്ഷാ സമ്പ്രദായം നവീകരിക്കുന്നതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

ഭാഗമായി കമ്മ്യൂണിറ്റി ബാങ്ക് രൂപീകരിക്കുന്നതിനുള്ള പ്രാഥമിക നടപടികളും സ്വീകരിച്ചിട്ടുണ്ട്. താരതമ്യേന ജോലിഭാരം കൂടുതലുള്ള കൊല്ലം തൃശ്ശൂർ, കണ്ണൂർ ജില്ലകളിലെ പി.എസ്.സി. ജില്ലാ ഓഫീസുകളിൽ റീഡിപ്ലോയ്മെന്റ് വഴി ഓരോ സെക്ഷനുകൾ കൂടുതലായി അനുവദിച്ചിട്ടുണ്ട് അങ്ങനെ പല നടപടികളിൽക്കൂടി പബ്ലിക് സർവീസ് കമ്മിഷന്റെ നിയമനത്തിലുള്ള കാലതാമസം ഒഴിവാക്കുവാനും പി.എസ്.സി. യെ മറികടന്നുള്ള നിയമനം ഒഴിവാക്കുവാനും ഗവൺമെന്റ് സത്വര നടപടികളും സ്വീകരിച്ചിട്ടുണ്ട്. ഈ നടപടികളുടെ നടത്തിപ്പിൽ എവിടെയെങ്കിലും അപാകതയുണ്ടെങ്കിൽ അതു പരിഹരിക്കുന്നതാണ്. എല്ലാ സർക്കാർ-അർദ്ധ സർക്കാർ സ്ഥാപനങ്ങളിലും പി.എസ്.സി. മുഖേന നിയമനം നടത്താൻ തീരുമാനിച്ചിട്ടുള്ള എല്ലാ സ്ഥാപനങ്ങളിലും നിയമനം നടത്തുവാനും പി.എസ്.സി.-യെ മറികടക്കാനുള്ള എല്ലാ ശ്രമങ്ങളേയും നിയന്ത്രിക്കുവാനും ഗവൺമെന്റ് കർശന നടപടി കൈക്കൊള്ളുന്നതിന് ശ്രമിക്കുമെന്ന് സഭയെ അറിയിക്കുകയാണ്.

ശ്രീ. തമ്പാനൂർ രവി : ഞാനിവിടെ ചൂണ്ടിക്കാണിച്ച രണ്ടുകാര്യങ്ങളിൽ ഒന്ന്, ഗവൺമെന്റിന്റെ വിവിധ വകുപ്പുകളിലും പൊതുമേഖലാ സ്ഥാപനങ്ങളിലുമൊക്കെ ധാരാളം ഒഴിവുകളുണ്ട്. അത് നികത്തുന്നതിനുവേണ്ടി പൊതുമേഖലാ സ്ഥാപനങ്ങളുടെ തലവൻമാരുടെയും ഗവൺമെന്റ് വകുപ്പദ്ധ്യക്ഷൻമാരുടെയും യോഗം വിളിച്ചുകൂട്ടാൻ ഗവൺമെന്റ് മുൻകൈ എടുക്കുമോ? രണ്ടാമത്തെ ചോദ്യം പി. എസ്. സി. യുടെ കാലതാമസത്തെ കുറിച്ചാണ്. എഴുത്തുപരീക്ഷ വേണ്ടാത്ത മേഖലകളിൽ നിയമനങ്ങൾക്ക് അപേക്ഷ ക്ഷണിച്ച് ഒരു വർഷത്തിനകവും ഇൻറർവ്യൂ മാത്രം ആവശ്യമായ നിയമനങ്ങളിൽ അപേക്ഷ ക്ഷണിച്ച് ആറു മാസത്തിനകവും നിയമനം നടത്താൻ അങ്ങ് കർശനമായ നിർദ്ദേശം നൽകുകയും ബന്ധപ്പെട്ടവരുമായി ചർച്ച നടത്തുകയും ചെയ്യുമോ ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആൻറണി) : ബഹുമാനപ്പെട്ട മെമ്പറുടെ നിർദ്ദേശം ഗൗരവമായി പരിശോധിക്കുന്നതാണ്.

(2) തൃത്താല-വെള്ളിയാംകല്ല് കോസ്-വേ-കം-ബ്രിഡ്ജിന്റെ നിർമ്മാണ പ്രവർത്തനം

ശ്രീ. ഇ. ശങ്കരൻ : സർ, ഞാൻ ഈ സഭയിൽ ആദ്യമായി വന്ന അവസരത്തിൽ ആദ്യമായി ഒരു സബ്മിഷനിലൂടെ ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്ന ഒരു പ്രശ്നമാണ് അഞ്ചുകൊല്ലം തികയാറായിട്ടും പരിഹരിക്കപ്പെടാതെ വീണ്ടും ഈ സഭയുടെ മുൻപിൽ കൊണ്ടുവരുന്നത്. തൃത്താല, പട്ടാമ്പി, ഗുരുവായൂർ ചാവക്കാട് തുടങ്ങിയ സ്ഥലങ്ങളിലേക്ക് ശുദ്ധജലം ലഭിക്കുന്നതിന് ആവശ്യമായ ജലം കിട്ടുമെന്നുള്ള ഉദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ഒട്ടേറെ പ്രതീക്ഷകളോടുകൂടി കൊണ്ടുവന്ന ജനങ്ങളുടെ ചിരകാലാഭിലാഷമാണ് തൃത്താല-വെള്ളിയാംകല്ല് കോസ്വേ-കം-ബ്രിഡ്ജ്. 1980-ലാണ് ഇതിന്റെ നിർദ്ദേശം സർക്കാർ അംഗീകരിച്ചത്. അന്നത്തെ എസ്റ്റിമേറ്റ് 5 കോടി രൂപയായിരുന്നു എന്നാണ് അറിയുന്നത്. പന്ത്രണ്ടായിരത്തിലധികം വരുന്ന നെൽക്കൃഷിക്കാർക്ക് ഗുണകരമായ രീതിയിൽ കൃഷി ചെയ്യുന്നതിനും തെങ്ങ്, കമുക്, നേന്ത്രവാഴ തുടങ്ങിയ കൃഷികൾക്ക്

LIBRARY ARCHIVES Kerala Legislative Assembly